## അന്തർസംസ്ഥാന നദീജല കരാർ

*16. [140] ശ്രീ. പിരപ്പൻകോട് മുരളി :

" എ. കെ. ബാലൻ :

" കെ. കെ. ജയചന്ദ്രൻ :

" പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർസംസ്ഥാന നദീജല കരാർ സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ഏറ്റവും ഒടുവിൽ നടന്ന ചർച്ചയിൽ ഏതെങ്കിലും കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ചർച്ചയിൽ രണ്ട് സംസ്ഥാനങ്ങളേയും പ്രതിനിധീകരിച്ച് ആരെല്ലാം പങ്കെടുക്കുകയുണ്ടായി ;

(സി) അടുത്ത ചർച്ചയുടെ തീയതി തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) കേരളത്തിൽനിന്നുള്ള പ്രതിനിധികൾ എന്തെല്ലാം കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി; എന്തെല്ലാം കാര്യങ്ങളിൽ ധാരണയിലെത്തി ;

(ഇ) കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിന് ഇരുകൂട്ടരും സമ്മതിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) അന്തർസംസ്ഥാന നദീജല കരാർ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ ഏറ്റവും ഒടുവിൽ ചീഫ് സെക്രട്ടറി തലത്തിൽ 18-12-2004-ൽ ചെന്നൈയിൽ വച്ചാണ് ചർച്ച നടത്തിയിട്ടുള്ളത്. പി. എ. പി. കരാർ പുനരവലോകനം സംബന്ധിച്ച് നടന്ന പ്രസ്തുത ചർച്ചയിൽ അത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരാൻ സാധിച്ചില്ല.

(ബി) 18-12-2004-ൽ ചെന്നൈയിൽ വച്ച് നടന്ന ചർച്ചയിൽ കേരളത്തെ പ്രതിനിധീകരിച്ച് ശ്രീ. ബാബു ജേക്കബ്, ചീഫ് സെക്രട്ടറി ശ്രീ. കെ. ജെ. മാത്യു, പ്രിൻസിപ്പൽ സെക്രട്ടറി ജലവിഭവം, ശ്രീ. റ്റി. മനോഹരൻ ചെയർമാൻ, കെ. എസ്. ഇ. ബി., ശ്രീ. റ്റി. കെ. ശശി, ചീഫ് എഞ്ചിനീയർ, (ഒഎ. എസ്., ഡബ്ല്യൂ, ഇറിഗേഷനും ഭരണവും), ശ്രീ. സുധീർ, അസി. എഞ്ചിനീയർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാട്, ശ്രീ. ജെയിംസ് വിൽസൺ, അസി. എഞ്ചിനീയർ, കെ. എസ്. ഇ. ബി. എന്നിവർ പങ്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത ചർച്ചയിൽ തമിഴ്നാടിനെ പ്രതിനിധീകരിച്ച് ചീഫ് സെക്രട്ടറി ശ്രീമതി ലക്ഷ്മി പ്രാണേഷ്, ശ്രീ. എൻ. നാരായൺ, ഫൈനാൻസ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. പളനിയപ്പൻ, പി. ഡബ്ല്യു. ഡി. സെക്രട്ടറി, ശ്രീ. മോഹന കൃഷ്ണൻ, ചെയർമാൻ, കാവേരി ടെക്നിക്കൽ സെൽ, ശ്രീ. ഹരി റാം, വൈസ് ചെയർമാൻ, കാവേരി ടെക്നിക്കൽ സെൽ, ശ്രീ. ആർ. സുന്ദരശേഖരൻ, എഞ്ചിനീയർ-ഇൻ-ചീഫ്, വാട്ടർ റിസോഴ്സസ് ഓർഗനൈസേഷൻ/പി. ഡബ്ല്യു. ഡി., ശ്രീ. എസ്. പെരുമാൾ, ചീഫ് എഞ്ചിനീയർ (ഐ. എസ്. ഡബ്ല്യു.) വാട്ടർ റിസോഴ്സസ് ഓർഗനൈസേഷൻ, ശ്രീ. കെ. തങ്കരാജു ഗുപ്ത, ചീഫ് എഞ്ചി നീയർ, പൊള്ളാച്ചി റീജിയൺ, കോയമ്പത്തൂർ എന്നിവർ പങ്കെടുത്തു.

(സി) ഇല്ല.

(ഡി) പ്രസ്തുത ചർച്ചയിൽ ഷോളയാർ, പറമ്പിക്കുളം, ഭാരതപ്പുഴ ബേസിനുകളിലെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ജലവിഹിതം പുനർനിർണ്ണയം ചെയ്യണമെന്നും പാലക്കാട്ടെ വരൾച്ച അനുഭവിക്കുന്ന സ്ഥലങ്ങ ളിലെ ആവശ്യത്തിനുവേണ്ടി മണക്കടവ് വിയറിൽ നിലവിലുള്ള കരാർ പ്രകാരം ലഭ്യമാക്കേണ്ട 7.25 ടി. എം. സി. ജലത്തിന് പകരം 12 ടി. എം. സി. ജലം ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടു. കേരള ഷോളയാറിൽ കേരള ത്തിന്റെ വാർഷിക വിഹിതമായ 12.3 ടി. എം. സി. നൽകുന്നതോടൊപ്പംതന്നെ കരാറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിശ്ചിത തീയതികളിൽ നിശ്ചിത ജല വിതാനം പാലിക്കണമെന്നും കേരളം ആവശ്യം ഉന്നയിച്ചു. നിർദ്ദിഷ്ട വിഹിതം ഏതെങ്കിലും വർഷം നൽകാതിരിക്കുന്ന പക്ഷം അത് തൊട്ടടുത്ത വർഷം തന്നെ തരേണ്ടതാണെന്നും കേരളം ആവശ്യപ്പെട്ടു. നഷ്ട പരിഹാരം കൊടുക്കുന്ന കാര്യവും കേരളം ഉന്നയിക്കുകയുണ്ടായി. പെരിയാർ ബേസിനിൽ കേരളത്തിന്റെ പര്യാലോചനയിലിരിക്കുന്ന പദ്ധതികൾ തീർന്ന ശേഷം മാത്രമേ നീരാർ നദിയിൽനിന്നും ഒക്ടോബർ ഒന്നു മുതൽ ജനുവരി 31 വരെ കേരളത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന ജലം തമിഴ്നാടിന് തിരിച്ചുകൊണ്ടുപോകുവാൻ വ്യവസ്ഥയുള്ളൂ എന്നും കേരളം ചൂണ്ടിക്കാട്ടി. പറമ്പിക്കുളം ബേസിനിൽ നിന്നും ജലം ലഭിക്കാ തിരിക്കുന്നത് കേരളത്തിന്റെ മാത്രം നഷ്ടമാണെന്നും കേരളത്തിന്റെ പ്രതിനിധി കൾ വ്യക്തമാക്കി. കേരള വിദ്യുച്ഛക്തി വകുപ്പ് ആനമലയാർ പദ്ധതി നടപ്പാ ക്കുന്നതിന് തമിഴ്നാട് സമ്മതിക്കണമെന്ന് കേരളം ആവശ്യപ്പെടുകയുണ്ടായി. പെരിയാർ ബേസിനിലെ ഇപ്പോഴുള്ള ജലത്തിന്റെ ആവശ്യകതകൾ കൂടി പരിഗണി ച്ചുവേണം തമിഴ്നാട്ടിലേക്ക് 2.5 ടി. എം. സി. ജലം തിരിച്ചുകൊണ്ട് പോകാനുള്ള നടപടികൾ പരിഗണിക്കേണ്ടതെന്നും കേരളം തമിഴ്നാടിനെ അറിയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത ചർച്ചയിൽ പുനരവലോകനം സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ ഇരു സംസ്ഥാനങ്ങൾക്കും സാധിച്ചില്ല. ചീഫ് സെക്രട്ടറിമാരുടെ ചർച്ചയിൽ ഉരുത്തിരിഞ്ഞ ആവശ്യങ്ങളും അഭിപ്രായങ്ങളും ഇരു സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനു ശേഷം തുടർ ചർച്ചകൾ ബന്ധപ്പെട്ട സർക്കാരുകൾ തമ്മിൽ നടത്താമെന്നും പ്രസ്തുത ചർച്ചയിൽ തീരുമാനമെടുത്തു.

(ഇ) ഉണ്ട്.

പി. എസ്. സി. ഇന്റർവ്യൂവിനെതിരെ പ്രതിഷേധം

*17. [141] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :

" സാജു പോൾ :

" എം വി. ജയരാജൻ :

" ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയിലും ഇന്റർവ്യൂവിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എഴുത്തുപരീക്ഷയുടെ മാത്രം അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന തസ്തികയിലേക്ക് ഇന്റർവ്യൂകൂടി നടത്താൻ പി. എസ്. സി. യെ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം തസ്തികകളിലേക്കാണ് പി. എസ്. സി. ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ തസ്തികയ്ക്കും ഇന്റർവ്യൂ നടത്താനുള്ള തീരുമാനത്തിനെതിരെ ഉയർന്നു വന്നിട്ടുള്ള പ്രതിഷേധം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും പുനരാലോചന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ, ബി, സി ആന്റ് ഡി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly